# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3108** — **21.06.2013-ൽ മറുപടിക്ക്**

## നീലേശ്വരം ഫാമിൽ നിന്നും നീലേശ്വരം നഗരസഭയ്ക്ക് അനുവദിച്ച ഭൂമി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കേരള കാർഷിക സർവ്വകലാശാലയുടെ അധീനതയിലുള്ള നീലേശ്വരം ഫാമിൽനിന്നും നീലേശ്വരം നഗരസഭയ്ക്ക് ഭൂമി അനുവദിച്ചിരുന്നുവോ; | എ) | ഉണ്ട്. |
| ബി) എങ്കിൽ പ്രസ്തുത ഭൂമി കൈമാറിയിട്ടുണ്ടോ; | ബി) | ഇല്ല |
| സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ? | സി) | കേരള കാർഷിക സർവ്വകലാശാല ആക്റ്റ് (33 of 1971) ക്ലോസ് 16(C) പ്രകാരം സർവ്വകലാശാലയിലെ വിവിധ സ്റ്റേഷനുകളിലെ സ്ഥലങ്ങളുടെ നിയന്ത്രണാധികാരം സർവ്വകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. കൂടാതെ സർവ്വകലാശാലയുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും സ്ഥലങ്ങൾ കൈമാറ്റം ചെയ്യുന്നത് സർവ്വകലാശാല ഭരണസമിതിയുടെ അനുവാദത്തോടെ മാത്രമേ ആകാവൂ എന്ന് പ്രസ്തുത ആക്റ്റിൽ നിഷ്കർഷിച്ചിരിക്കുന്നു. കേരള കാർഷിക സർവ്വകലാശാലയുടെ 27/4/2012 ൽ നടന്ന 492-ാമത് ഭരണസമിതി യോഗം സർവ്വകലാശാലയുടെ ഭൂമി മറ്റ് ഏജൻസികൾക്കോ ആവശ്യങ്ങൾക്കോ വിട്ടു കൊടുക്കരുത് എന്ന് തീരുമാനമെടുത്തിരുന്നു. എങ്കിലും 09/11/2012 ലെ സ.ഉ.(സാധ)നം.2202/2012/കൃഷി ഉത്തരവ് പ്രകാരം നീലേശ്വരം കരുവാച്ചേരിയിലുള്ള സ്ഥലത്തിൽ നിന്ന് രണ്ട് ഏക്കർ സ്ഥലം നീലേശ്വരം നഗരസഭയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ച് നൽകിയിട്ടുണ്ട്. സ്ഥലം നഗരസഭയ്ക്ക് കൈമാറാനുള്ള നടപടികൾ കാർഷിക സർവ്വകലാശാല കൈക്കൊണ്ടുവരുന്നു. |

സെക്ഷൻ ഓഫീസർ